കരട് വിജ്ഞാപനം 1999 ഏപ്രിലിൽ പ്രസിദ്ധീകരിച്ചതാണ്. ഇതിനെ സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിച്ച് മിനിമം വേജസ് അഡ്വൈസറി ബോർഡ് അംഗീകരിച്ച് അവരുടെ ശുപാർശകൾ സർക്കാരിന് നൽകിയിട്ട് മാസങ്ങൾ കഴിഞ്ഞിരിക്കുകയാണ്. അടുത്ത വർഷത്തെ ലേലം ഫെബ്രുവരി മാസത്തിൽ ആരംഭിക്കുകയാണ്. അതിനുമുൻപായിത്തന്നെ പുതുക്കിയ മിനിമം കൂലി പ്രഖ്യാപിക്കാൻ അടിയന്തിര നടപടിയുണ്ടാകണമെന്നതാണ് ആവശ്യം. ചെത്തുതൊഴിലാളികൾക്ക് ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്ന പെൻഷൻ 100 രൂപയാണ്. ഇത് വളരെ പരിമിതമാണ്. 150 രൂപയായി വർദ്ധിപ്പിക്കുവാൻ ക്ഷേമനിധി ബോർഡ് തീരുമാനിച്ച് സർക്കാരിന്റെ അംഗീകാരത്തിനായി ഒരു വർഷക്കാലം മുൻപു സമർപ്പിച്ചതുപ്രകാരം 150 രൂപ പെൻഷൻ കൊടുക്കാനുള്ള നടപടികൾ ഉണ്ടാകണം. ഏറ്റവും അപകടകരമായ സാഹചര്യത്തിൽ പണിയെടുക്കുന്നവരാണ് ഈ ചെത്തുതൊഴിലാളികൾ. തൊഴിലവസരങ്ങൾ നഷ്ടപ്പെടുമ്പോൾ ഇവരെ സംരക്ഷിക്കാൻ യാതൊരു നിയമവുമില്ല. ഇൻഷ്വറൻസ് പദ്ധതിപോലുള്ളത് ഉണ്ടെങ്കിൽ മാത്രമേ സംരക്ഷണം ലഭ്യമാകുന്നുള്ളൂ. അതുകൊണ്ട് തൊഴിലവസരങ്ങളിൽ അപകടമരണം സംഭവിക്കുന്നവർക്ക് ഒരു ലക്ഷം രൂപയും അംഗവൈകല്യം സംഭവിച്ചാൽ 50,000 രൂപയും കൊടുക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. ഈ ആനുകൂല്യങ്ങൾ ഏറ്റവും അടിയന്തിരമായി പരിഷ്കരിച്ചുകൊണ്ട് ഈ തൊഴിലാളികളെ പ്രക്ഷോഭത്തിലേക്കിറക്കാതെ സഹായിക്കണമെന്ന് ബഹുമാനപ്പെട്ട സർക്കാരിനോടും തൊഴിൽ വകുപ്പുമന്ത്രിയോടും അഭ്യർത്ഥിക്കുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, Liquor trading and Liquor vending വ്യവസായത്തിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കുന്നതിന് കമ്മിറ്റി സമർപ്പിച്ച ശുപാർശകൾ ഉൾക്കൊള്ളിച്ചുകൊണ്ട് അവരുടെ വേതനം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. പ്രസ്തുത റിപ്പോർട്ട് ചോദ്യം ചെയ്തുകൊണ്ട് ആലപ്പുഴ ടോഡി ഷോപ്പ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ ഹൈക്കോടതിയിൽ ഒരു ഒ.പി. ഫയൽ ചെയ്തു. ഇതിന്റെ പിന്നിൽ പ്രസ്തുത സംഘടനകളുടെ അഭിപ്രായം സർക്കാർ കേൾക്കണമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിൻപ്രകാരം ആലപ്പുഴ ടോഡി ഷോപ്പ് കോൺട്രാക്ടേഴ്സ് അസോസിയേഷന്റെ അഭിപ്രായങ്ങൾ സർക്കാർ കേൾക്കുന്നുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ ഈ കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരുകയാണ്. ജോലിസമയത്തുണ്ടാകുന്ന അപകടങ്ങൾക്ക് സാമ്പത്തിക സഹായം കൊടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ചെത്തുതൊഴിലാളികളുടെ പെൻഷൻ 100 രൂപയിൽ നിന്ന് 150 രൂപയായി ഉയർത്തേണ്ട നിർദ്ദേശം ഇപ്പോൾ പരിഗണനയിലുണ്ട്. ഇതിന് കാലതാമസം കൂടാതെ തീരുമാനമെടുക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

V. സമ്മേളനകാലത്ത് മാധ്യമങ്ങൾ സഭാനടപടികൾക്കു നൽകേണ്ട പ്രാധാന്യം

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, കേരളകൗമുദി പത്രം സഭാനടപടികളെക്കുറിച്ച് എഴുതിയിരിക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രദ്ധയിൽപ്പെടാതിരിക്കാൻ നിർവാഹമില്ലല്ലോ. ഇതു സഭയുടെ ശ്രദ്ധയിൽപ്പെട്ടാൽ നന്നായിരിക്കും. നമ്മൾ നിയമസഭയിൽ നടത്തുന്ന പ്രസംഗങ്ങൾ രേഖയിൽ വരുകയെന്നത് മാത്രമല്ല, അതുകഴിഞ്ഞ് ജനങ്ങളിലേയ്ക്ക് അറിയിക്കുകയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ദൗത്യം. അതു നിർവഹിക്കേണ്ടത് പത്രമാധ്യമങ്ങളിൽക്കൂടിയാണ്. പത്രമാധ്യമങ്ങളിൽക്കൂടി അത് വേണ്ടതുപോലെ വരുന്നില്ല. വരുന്നില്ല എന്നുള്ളത് കാലാകാലങ്ങളിൽ പറയുന്നതാണ്. വരുന്നില്ല എന്നുള്ളത് വസ്തുതയാണ്. പഴയ ഒന്നാം നിയമസഭ മുതൽ എടുത്തു പരിശോധിച്ചാൽ കുറഞ്ഞു കുറഞ്ഞു അവസാനം പേരുകൾ തന്നെ ഇന്നയിന്ന ആളുകൾ പ്രസംഗിച്ചുവെന്ന് ചിലപ്പോൾ വരും. ആ വിഷയം പത്രാധിപൻമാരുമായി ഞാൻ ഒന്നിലധികം തവണ ചർച്ച നടത്തി. മുൻകൊല്ലങ്ങളിലും നടത്തിയിട്ടുണ്ട്. ഇപ്പോൾ ശില്പശാലയിലൊക്കെ ചർച്ച ചെയ്ത വിഷയമെന്നുള്ള നിലയിൽ വളരെ ഗൗരവത്തോടുകൂടി ചർച്ച ചെയ്ത ഒരു വിഷയമാണ്. ഒന്നിലധികം തവണ ഞാൻ പത്രാധിപൻമാരുമായിട്ട് കൂടിയാലോചനകൾ നടത്തിയപ്പോൾ അവർ ജനുവിനായിട്ടുള്ള ചില കാര്യങ്ങൾ അവരുടെ ഭാഗത്തുനിന്നും ഇങ്ങോട്ടും പറഞ്ഞു. അത് ഞാൻ ഈ സന്ദർഭത്തിൽ പറയാം. അവർ പറഞ്ഞ കാര്യങ്ങൾ, പത്രങ്ങൾക്ക് ഈ കാര്യങ്ങൾ റിപ്പോർട്ട് ചെയ്യണമെന്നാഗ്രഹിച്ചാൽപോലും കഴിയാത്ത ഒരു പരിതസ്ഥിതി ഉണ്ട്. രാവിലെ 8.30-ന് ആരംഭിക്കുന്ന സഭ 1.30 മണിക്ക് അവസാനിക്കണമെന്നാണ്. പണ്ട് അവസാനിച്ചിരുന്നു. ഇപ്പോൾ കഴിയില്ല. പക്ഷേ അല്പസമയം ദീർഘിച്ചാൽ കുഴപ്പമില്ല. 1.30 എന്നു പറയുന്നത് കുറച്ച് നീണ്ടുപോയാൽ excusable ആകാം. പക്ഷേ ഉച്ചയെന്നുപറയുന്നത് വൈകുന്നേരംവരെയും രാത്രിവരെയും ഒക്കെയായാൽ പത്രങ്ങളിൽ വരുകയെന്നുള്ളത് അവരെ നിർബന്ധിച്ചിട്ട് കാര്യമില്ല. അത് നമ്മൾ ഗൗരവമായി ആലോചിക്കേണ്ട വിഷയമാണ്. നമുക്ക് പരിമിതികളുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : പത്രങ്ങളുടെ പ്രയാസങ്ങളും പരിമിതികളും അതിന്റെ ഗൗരവത്തിൽ തന്നെ എടുക്കണം. പക്ഷേ എനിക്ക് തോന്നിയിട്ടുള്ളത്, എന്തോ കാരണത്താൽ പാർലമെന്റ് നടപടികളും ഇതര സംസ്ഥാന നിയമസഭകളിലെ നടപടികളും റിപ്പോർട്ട് ചെയ്യുന്നത്ര സ്പെയിസ് (സ്ഥലം) കഴിഞ്ഞ കുറെ വർഷങ്ങളായി കേരളത്തിലെ വാർത്താമാധ്യമങ്ങൾ അസംബ്ലിക്ക് കൊടുക്കുന്നില്ല. സമയം മാത്രമാണ് അതിന്റെ കാരണമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. കാരണം പാർലമെന്റ് സമ്മേളനം ആരംഭിക്കുന്നത് 11.00 മണിക്കാണ്. മിക്ക ദിവസങ്ങളിലും നേരം വളരെ വൈകി ചിലപ്പോൾ പുലർച്ചവരെ സമ്മേളിക്കും. മറ്റുപല സഭകളും അവസാനിക്കുന്നത് വളരെ വൈകിയാണ്. നമ്മളാണ് പണ്ടുമുതലേ 8.30 മണിക്ക് തുടങ്ങി ശീലിച്ചത്. അപ്പോൾ സമയത്തിന്റെ കാര്യത്തിലുള്ള അവരുടെ പരാതി ഗൗരവമായി എടുക്കുമ്പോൾത്തന്നെ എന്തുകൊണ്ട് മറ്റുപല സംസ്ഥാന നിയമസഭകൾക്കും പാർലമെന്റിനും കൊടുക്കുന്ന പ്രാധാന്യം ഇവിടെ കൊടുക്കുന്നില്ല? മാത്രമല്ല, നമ്മുടെ നിയമസഭ പാർലമെന്റിനേക്കാളും മറ്റു സംസ്ഥാന നിയമസഭകളേക്കാളും മാന്യമായി സഭാ നടപടികൾ കൈകാര്യം ചെയ്യുന്ന സഭയാണ്. അക്കാര്യത്തിൽ ഭരണകക്ഷിയും പ്രതിപക്ഷവും മെമ്പർമാരും ആ സ്റ്റാൻഡേർഡ് നിലനിർത്തുന്നുണ്ട്. അതുകൊണ്ട്, ഈ സഭയ്ക്ക് കിട്ടേണ്ട പരിഗണന കിട്ടുന്നില്ല എന്നുവേണം പറയാൻ. സഭ നടക്കുമ്പോൾ സഭയിൽ അവതരിപ്പിക്കുന്നത് കേരളത്തിലെ ജനങ്ങളുടെ പ്രശ്നങ്ങളാണ്. ആ

11 AM പ്രശ്നങ്ങൾ മാത്രമല്ല, സബ്മിഷനായി വരുന്ന കാര്യങ്ങൾ അല്ലെങ്കിൽ ചോദ്യോത്തര വേളയിലെ പ്രശ്നങ്ങൾ, അല്ലെങ്കിൽ

കാളിംഗ് അറ്റൻഷൻ ഇതിനൊന്നും എന്തോ കാരണംകൊണ്ട് പഴയപടി പ്രാധാന്യം കൊടുക്കുന്നില്ല. ഇതേക്കുറിച്ച് സഭയ്ക്കുള്ള ഒരു പരാതികൂടി പത്രമാദ്ധ്യമങ്ങളുടെ പ്രതിനിധികളുമായി ചർച്ച ചെയ്യുമ്പോൾ ഒന്ന് അറിയിച്ചാൽ കൊള്ളാം എന്ന അഭിപ്രായക്കാരനാണ് ഞാൻ.

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സഭാ നടപടികൾ റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ടി പത്രമാധ്യമങ്ങളെ അനുവദിക്കുന്നതുപോലെ ദൃശ്യമാധ്യമങ്ങളേയും കൂടി അനുവദിക്കുകയാണെങ്കിൽ നന്നായിരിക്കും. 24 മണിക്കൂറുകളുള്ള ചാനലുകളാണ് അധികവും ഉള്ളത്. അവർക്ക് അത് കാണിക്കാൻ ഇഷ്ടംപോലെ സമയമുണ്ട്. അവരെക്കൂടി അനുവദിക്കുന്ന കാര്യം അങ്ങ് ആലോചിക്കേണ്ടതാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ സൂചിപ്പിച്ച കാര്യം വളരെ പ്രസക്തമാണ്. വളരെ പ്രസക്തമാണെന്ന് ചെയർ അടിവരയിട്ട് പറയാൻ ആഗ്രഹിക്കുന്നു. അംഗങ്ങളുടേയും സഭയുടേയും അഭിപ്രായം അദ്ദേഹം ഇവിടെ പ്രകടിപ്പിച്ചുവെന്നേയുള്ളൂ. അത് ദീർഘനാളായിട്ട് നമ്മുടെയെല്ലാം മനസ്സിൽ നിൽക്കുന്ന ഒരു വിഷയമാണ്. നമ്മുടെ പഴയ അനുഭവമെന്നു പറയുന്നത് 1-ാമത്തെ നിയമസഭയുടെ കാലത്തുള്ള രേഖകൾ പരിശോധിച്ചാൽ അറിയാം. പഴയ പത്രത്താളുകൾ നോക്കിയാലറിയാം. സഭാ നടപടികൾ അപ്പടി പ്രസംഗങ്ങൾ മാത്രമല്ല, സബ്മിഷൻ മാത്രമല്ല, ക്വസ്റ്റ്യൻസിന്റെ സപ്ലിമെന്ററിയും വരെ പേരെടുത്ത് പ്രസിദ്ധീകരിച്ച് ആളുകൾക്ക് വായിക്കാനുള്ള അവസരം ഉണ്ടായിരുന്നു. അത് ചുരുങ്ങിച്ചുരുങ്ങിയാണ് ഈ അവസ്ഥയിലെത്തിയത്. ചീഫ് എഡിറ്റർമാരുമായി സംസാരിച്ച് കഴിഞ്ഞു. ഇനിയും സംസാരിക്കാൻ പോവുകയാണ്. പാർലമെന്റിലെ സമയം പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ശരിയാണ്. സമയം താമസിച്ചു പോകുന്നു എന്ന കാര്യം മാത്രമല്ല, അത് ഒരു ബുദ്ധിമുട്ടായിട്ട് പ്രകടിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. നിശ്ചിത സമയമുണ്ട്. അല്പം വൈകാം. വളരെ വൈകിപ്പോയാൽ ഇവിടെയുള്ള അനുഭവം വച്ചു നോക്കിയാൽ അവസാനമൊക്കെയാകുമ്പോൾ പത്രപ്രതിനിധികൾപോലും ഇല്ലാത്ത അവസ്ഥയാണ്. അതുകൊണ്ട് അത് പുനഃപരിശോധിക്കുന്നുണ്ട്. ആ കാര്യത്തിൽ സംശയമില്ല. സമയത്തിന്റെ കാര്യത്തിൽ വലിയ താമസം വരാതെ നമുക്ക് ക്രമീകരിക്കാൻ കഴിയണം. അത് സഭയ്ക്കും അംഗങ്ങൾക്കും വളരെ പ്രയോജനം ചെയ്യുന്ന ഒരു കാര്യമാണ്. ജനാധിപത്യത്തിലെ ഏറ്റവും ഉയർന്ന വേദികൾ പാർലമെന്റും നിയമസഭയുമാണ്. അത് സമ്മേളിക്കുന്ന സമയത്ത് നമ്മുടെ പത്രമാധ്യമങ്ങളിൽ പ്രധാനപ്പെട്ട വാർത്ത അതു തന്നെയായിരിക്കണം. ഇപ്പോൾ, സഭാനടപടി റിപ്പോർട്ടുകൾ ഏതെങ്കിലും എഡിഷനിൽ ഉൾക്കൊള്ളിക്കുന്ന പുതിയ പ്രതിഭാസവും വന്നു. നിയമസഭയിലെ വാർത്തയും പാർലമെന്റിലെ വാർത്തയും ഏതെങ്കിലും എഡിഷനിൽ ഉൾക്കൊള്ളിച്ചാൽ മതി എന്നതു ശരിയാണോ? ഒരിക്കലും അങ്ങനെ പരിഗണിക്കാൻ പാടില്ല. അതുകൊണ്ട് നിയമസഭ സമ്മേളിക്കുമ്പോഴും പാർലമെന്റ് സമ്മേളിക്കുമ്പോഴും പ്രധാനപ്പെട്ട വാർത്തകൾ അതു തന്നെയായിരിക്കണം. അതാണ് ഡമോക്രസി. ആ രൂപത്തിൽത്തന്നെ ഒരു മാറ്റം പടിപടിയായിട്ട് കൊണ്ടുവരാൻ കഴിയണം. അതിനുവേണ്ടി വളരെ പെട്ടെന്നു തന്നെ വീണ്ടും ഒരു ചർച്ച ഔദ്യോഗിക തലത്തിൽത്തന്നെ പത്രാധിപൻമാരുമായി നടത്താൻ കഴിയണം.

ശ്രീ. എ. കണാരൻ : പക്ഷപാതം കാണിക്കുന്ന സ്വഭാവം ചില പത്രങ്ങളും ആവർത്തിക്കുന്നു. അതുകൂടി ചൂണ്ടിക്കാണിക്കണം.

LIBRARY ARCHIVES Kerala Legislative Assembly